പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീ സംയോജന പദ്ധതി

25(*25) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. പി. സി. ജോർജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീ സംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രത്തിന്റെ നീക്കം സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഡൽഹിയിലെ.ഐ.ഐ.ടി. (IIT Delhi), കോഴിക്കോടുള്ള Centre for Water Resources Development and Management (CWRDM) എന്നീ വിദഗ്ധ ഏജൻസികളെകൊണ്ട് പഠനങ്ങൾ നടത്തി പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ദേശീയജലവികസന ഏജൻസി (NWDA) തയ്യാറാക്കിയ സാദ്ധ്യതാ പഠന റിപ്പോർട്ടിൽ പമ്പ, അച്ചൻകോവിൽ എന്നീ നദികളെക്കുറിച്ച് മാത്രമേ പഠനം നടത്തിയിട്ടുള്ളൂ. ആയതിനാൽ വേമ്പനാട് കായലിൽ പതിക്കുന്ന അഞ്ച് നദികളെ (പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ) കുറിച്ചും സമഗ്രമായി പഠനം നടത്തി അധികജലം ഉണ്ടോ എന്ന് വിലയിരുത്തുവാൻ കേരള സർക്കാർ കോഴിക്കോടുള്ള Centre for Water Resources Development and Management (CWRDM)-നെ ചുമതലപ്പെടുത്തുകയുണ്ടായി. CWRDM നടത്തിയ പഠനമനുസരിച്ച് മേൽ സൂചിപ്പിച്ച നദികളിൽ അധികജലം ഇല്ല എന്നും 2050-ാം വർഷത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ ഇടയുണ്ടെന്നും (പ്രത്യേകിച്ചും പമ്പാ നദിയിൽ) മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ, വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിലാറും വറ്റിവരളുന്നതിനും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടിവെള്ളക്ഷാമം ഉണ്ടാകുന്നതിനും ഏറെ സാദ്ധ്യതയുള്ളതായി മേൽ സൂചിപ്പിച്ച പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി; കുട്ടനാട്ടിലെ നെൽകൃഷിയുടെ നാശത്തിനും ശബരിമല തീർത്ഥാടനം, മാരാമൺ കൺവൻഷൻ എന്നിവയുടെ സുഗമമായ നടത്തിപ്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനും പെരിയാറിന്റെ കീഴ്ഭാഗങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്നതിനും ലവണരസ അധിനിവേശത്തിനും വ്യവസായ ജലപദ്ധതികൾക്ക് ആവശ്യമായ ജലലഭ്യത കുറയുന്നതിനും കാരണമാകുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദം ശരിയാണെന്ന് ഐ.ഐ.ടി.യുടെ പഠന റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇക്കാര്യത്തിൽ ദേശീയജലവികസന ഏജൻസി നടത്തിയ സാദ്ധ്യതാ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ ശരിയല്ലായെന്നും വേമ്പനാട് കായലിൽ പതിക്കുന്ന മേൽ സൂചിപ്പിച്ച അഞ്ച് നദികളിലും ജലലഭ്യതയിൽ ഗണ്യമായ കുറവുണ്ടാകുമെന്നും ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടും വ്യക്തമായ സൂചന നൽകുന്നുണ്ട്.

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ദോഷകരമാണെന്ന് കാര്യകാരണസഹിതം വിശദീകരിച്ചുകൊണ്ട് സാദ്ധ്യമായ എല്ലാവേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനെതിരെ കേരള നിയമസഭയും 6-8-2003-ൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ ഇക്കാര്യത്തിൽ കേരളത്തിനുള്ള ആശങ്ക ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിന് ദോഷകരമായ പമ്പ, അച്ചൻകോവിൽ, വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ദേശീയജലവികസന ഏജൻസിയുമായോ, തമിഴ്നാടുമായോ യാതൊരുവിധ ചർച്ചകൾ നടത്തുന്നതിനും കേരളം തയ്യാറല്ലായെന്ന് ബഹു. ജലവിഭവ വകുപ്പുമന്ത്രി; ദേശീയജലവികസന ഏജൻസിയുടെ 17-10-2014-ലെ യോഗത്തിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത യോഗ മിനിട്ട്സിൽ കേരള സർക്കാരിന്റെ കൺസെൻസസ് ഇല്ലാതെ പമ്പ, അച്ചൻകോവിൽ വൈപ്പാർ ലിങ്ക് നടപ്പാക്കുന്ന കാര്യം കേന്ദ്രസർക്കാർ പരിഗണിക്കില്ലെന്ന് കേന്ദ്രമന്ത്രി കേരളാ ജലസേചന വകുപ്പുമന്ത്രിക്ക് ഉറപ്പ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. നദീസംയോജനപദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ കേന്ദ്രജലവിഭവവകുപ്പുമന്ത്രി വിളിച്ചു ചേർത്ത 21-11-2014-ലെ യോഗത്തിലും സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ബഹു. ജലവിഭവ വകുപ്പുമന്ത്രി പമ്പ, അച്ചൻകോവിൽ, വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നതിനുള്ള കേരളത്തിന്റെ വിയോജിപ്പ് കാര്യകാരണസഹിതം അറിയിച്ചിട്ടുണ്ട്.

(സി) പമ്പ, അച്ചൻകോവിൽ, വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലായാൽ പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ ജലലഭ്യത കുറയുമെന്നും അധികം താമസിയാതെ പമ്പാനദിയിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമെന്നും കോഴിക്കോടുള്ള Centre for Water Resources Development and Management നടത്തിയ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നദികളിലെ ജലലഭ്യത കുറയുമ്പോൾ; ആയത് ടി നദികളിൽ നിന്നും വെള്ളം ശേഖരിച്ച് നടത്തുന്ന കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കും. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കുടിവെള്ളക്ഷാമം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയുള്ള സാദ്ധ്യത കൂടുകയും ചെയ്യും.

പി.എസ്.സി. നിയമനം

26(*26) ഡോ. കെ. ടി. ജലീൽ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും വകുപ്പ് മേധാവികൾ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാതിരിക്കുന്നതുകൊണ്ട് നിയമനത്തിനായി കാത്തിരിക്കുന്നവരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ഒഴിവുകൾ കണക്കാക്കുന്നതിനും ഓരോ വർഷവും ഉണ്ടാവാൻ ഇടയുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും സാധിക്കുമോയെന്നു വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്തുകൊണ്ട് അപ്രകാരമുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നില്ല; നോട്ടിഫിക്കേഷനിൽ പറഞ്ഞ ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടും റിപ്പോർട്ടു ചെയ്യാതിരുന്ന വകുപ്പ് തലവന്മാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഡി) പുറംവാതിൽ നിയമനങ്ങൾ സ്ഥിരമായി നടക്കുന്നതു കൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കാലാവധി ദീർഘിപ്പിച്ച കാലയളവിലും ഒരു നിയമനം പോലും നടക്കാതെ റാങ്ക് ലിസ്റ്റ് ലാപ്സായിപ്പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(എഫ്) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly